# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.1889 — 11.02.2020-ൽ മറുപടിയ്ക്ക്

## ദേശീയ ജനസംഖ്യാ രജിസ്റ്റർ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- |
| (എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി തഹസിൽദാർ കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിരുന്നുവോ; ഇത് സംബന്ധിച്ച് തഹസിൽദാറിൽ നിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; മുകൾത്തട്ടിൽ നിന്നുളള ഏതെങ്കിലും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ തഹസിൽദാർ ഇത്തരത്തിൽ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി തഹസിൽദാർ കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിരുന്നു. ഈ വിഷയം സംബന്ധിച്ച് താമരശ്ശേരി തഹസിൽദാരിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർ 04.02.2020 ലെ എ 1-5861/19 നമ്പർ കത്ത് പ്രകാരം വിശദീകരണം തേടിയിട്ടുളളതും ആയതിനുളള മറുപടി തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതിന് തഹസിൽദാർക്ക് മുകൾത്തട്ടിൽ നിന്ന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | സുപ്രധാനമായ ഇത്തരം കാര്യങ്ങളിൽ, തഹസിൽദാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് കുറ്റകരമായ അശ്രദ്ധ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. ടി വിഷയത്തിൽ താമരശ്ശേരി തഹസിൽദാരിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ട്. ടിയാന്റെ വിശദീകരണം ലഭിച്ചതിനുശേഷം കോഴിക്കോട് ജില്ലാ കളക്ടർ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ദേശീയ ജനസംഖ്യാ രജിസ്റ്റർ പരാമർശമുള്ള സെൻസസ് ഡയറക്ടറുടെ കത്ത് മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി വിതരണം ചെയ്തിട്ടുള്ളതായും ടി ഉദ്യോഗസ്ഥനെതിരെ നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതായും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ